"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ കാവുന്തറ എ.യു.പി സ്കൂളിലെ ശ്രീ.സന്ദീപ്.ടി.കെയുടെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനാംഗീകാരം - സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.4408/2025/GEDN തീയതി,തിരുവനന്തപുരം, 03-07-2025

---

പരാമർശം:-

1. കാവുന്തറ എ.യു.പി.സ്കൂൾ മാനേജരുടെ 11.04.2024 തീയതിയിലെ റിവിഷൻ ഹർജി.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21.09.2024 തീയതിയിലെ ഡിജിഇ/13176/2024-ജി3 നമ്പർ റിപ്പോർട്ട്

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ കാവുന്തറ എ.യു.പി സ്കൂളിലെ ശ്രീ.സന്ദീപ് ടി.കെ.യുടെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനം അംഗീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം(1) പ്രകാരം പ്രസ്തുത സ്കൂൾ മാനേജർ റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു.

2. കാവുന്തറ എ.യു.പി സ്കൂളിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.ദാദിൽ.പി.എം പഠനാവശ്യത്തിന് 17/01/2022 മുതൽ 31/03/2023 വരെ അവധിയിൽ പ്രവേശിച്ച ഒഴിവിലാണ് മാനേജർ ശ്രീ.സന്ദീപ്.ടി.കെയെ 26/02/2022 മുതൽ 31/12/2023 വരെ ഓഫീസ് അറ്റൻഡന്റായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചത്. ആയത് ദീർഘകാല അവധി ഒഴിവുകളിൽ സംരക്ഷിത ജീവനക്കാരെ മാത്രമേ നിയമിക്കാവൂ എന്നതിനാലും എയ്ഡഡ് സ്കൂളുകളിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ദിവസവേതനടിസ്ഥാനത്തിൽ നിയമിക്കുവാൻ വ്യവസ്ഥ ഇല്ല എന്നതിനാലും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. മാനേജർ സമർപ്പിച്ച അപ്പീലും ഇതേ കാരണങ്ങളാൽ നിരസിക്കപ്പെട്ടു.

3. എയ്ഡഡ് സ്കൂളുകളിലെ ദിവസ വേതന നിയമനങ്ങൾ സംബന്ധിച്ച സർക്കാർ ഉത്തരവുകൾ എയിഡഡ് സ്കൂളുകളിൽ 30 ദിവസത്തിൽ അധികമുള്ള അവധി ഒഴിവുകളിൽ അധ്യാപക അനധ്യാപക തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ.ഉ(സാധാ)നം.88/2022/പൊവിവ പ്രകാരം 2022-2023 അധ്യായന വർഷത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കാം എന്ന് ഉത്തരവായിട്ടുണ്ട്. 2022-2023 അധ്യയന വർഷം എന്നത് 2022 ജൂൺ മുതൽ 2023 മാർച്ച് വരെയാണ്. എന്നാൽ ടിയാൻ ഓഫീസ് അറ്റൻഡന്റായതിനാൽ മധ്യവേനൽ അവധി ബാധകമല്ല.

നിയമനത്തിന് 26/02/2022 മുതൽ 31/05/2022 വരെ ( 22.10.2021 ലെ സ.ഉ(സാധാ)നം. 4761/2021/പൊവിവ ഉത്തരവ് പ്രകാരം) 01/06/2022 മുതൽ 31/05/2023 വരെ (27.05.2022ലെ സ.ഉ(കൈ)നം.88/2022/പൊവിവ ഉത്തരവ് പ്രകാരം) പ്രകാരവും 01/06/2023 മുതൽ 31/12/2023 വരെ (29.05.2023 ലെ സ.ഉ(സാധാ)നം.3066/2023/പൊവിവ ഉത്തരവ് പ്രകാരം) 3 കാലയളവിലേക്ക് പ്രത്യേകമായി മാത്രമെ നിയമനാംഗീകാരം നൽകുവാൻ സാധിക്കുകയുള്ളു എന്ന് കാണുന്നു. കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഉപജില്ലയിൽപ്പെട്ട കാവുന്തറ എ.യു.പി.സ്കൂളിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.ദാദിൽ.പി.എം പഠനാവശ്യത്തിന് 17/01/2022 മുതൽ 31/03/2023 വരെ അവധിയിൽ പ്രവേശിച്ച ഒഴിവിൽ മാനേജർ ശ്രീ.സന്ദീപ്.ടി.കെയെ 26/02/2022 മുതൽ 31/12/2023 വരെ ഓഫീസ് അറ്റൻഡന്റായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചത് 27.05.2022ലെ സ.ഉ(കൈ)നം.88/2022/പൊവിവ , 22.10.2021ലെ സ.ഉ(സാധാ)നം.4761/2021/പൊവിവ, 29.05.2023 ലെ സ.ഉ(സാധാ)നം.3066/2023/പൊവിവ എന്നീ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അനുവദിച്ചു നൽകാവുന്നതാണ് എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. KER Chapter XXI Rule 7(4) പ്രകാരം ഒരു വർഷത്തിൽ കൂടുതലുള്ള അവധി ഒഴിവുകളിൽ സംരക്ഷിതാധ്യാപകരെ മാത്രമേ നിയമിക്കാൻ പാടുള്ളൂ.എന്നാൽ സംരക്ഷിതാധ്യാപകർ ഒരു റവന്യൂ ജില്ലയിലും ഇല്ലാത്ത പക്ഷം മാനേജർക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അനുമതിയോടെ നിയമനം നടത്താവുന്നതാണ്.ഈ കേസിൽ മാനേജർ ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ചതായി കാണുന്നില്ല. എന്നിരുന്നാലും ദീർഘകാല അവധി ഒഴിവിൽ നിയമിക്കപ്പെട്ട ശ്രീ.സന്ദീപ്.ടി.കെ ക്കു നിയമനാംഗീകാരം നൽകണമെങ്കിൽ ഒരു റവന്യൂ ജില്ലയിലും പുനർവിന്യസിക്കപ്പെടാത്ത സംരക്ഷിത ഓ.എ മാർ ഹർജിക്കാരന്റെ നിയമനത്തീയതിയായ 26/02/2022 ൽ ഇല്ല എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. മേൽ പരാമർശിച്ച സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ, ഒരു റവന്യൂ ജില്ലയിലും പുനർവിന്യസിക്കപ്പെടാത്ത സംരക്ഷിത ഓ.എ മാർ ഹർജിക്കാരന്റെ നിയമനത്തീയതിയായ 26/02/2022 ൽ ഇല്ല എന്ന് ഉറപ്പ് വരുത്തി ശ്രീ.സന്ദീപ്.ടി.കെയുടെ 26.02.2022 മുതൽ 31.05.2022 വരെയും, 01.06.2022 മുതൽ 31.05.2023 വരെയും, 01.06.2023 മുതൽ 31.12.2023 വരെയുമുള്ള നിയമനത്തിന് ദിവസ വേതനാടിസ്ഥാനത്തിൽ അംഗീകാരം നല്കുവാൻ പേരാമ്പ്ര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി അപ്രകാരം മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

മാനേജർ, കാവുന്തറ എ.യു.പി. സ്കൂൾ, കാവിൽ - 673 614, നടുവണ്ണൂർ, കോഴിക്കോട്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പേരാമ്പ്ര

വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
Date: 04-07-2025 10:35:31

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.